വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കരാർ അടിസ്ഥാനത്തിൽ 15-6-1991 മുതൽ നിയമിച്ച ജീവനക്കാരുടെ പ്രശ്നമുണ്ട്. അതിനെക്കുറിച്ച് യൂണിയനുകളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നിശ്ചിത യോഗ്യത ഇല്ലാത്ത ആളുകളും ആ കൂട്ടത്തിലുണ്ട്. സ്പെഷ്യൽ റൂളിൽ പറയുന്ന യോഗ്യത ഇല്ലാത്തതുകൊണ്ടാണ് അത് മാറ്റിവച്ചത്. ഏതായാലും ഈ തസ്തികകൾ തുടർന്ന് പോകുന്നതുകൊണ്ടും ഇവർ സർവീസിൽ ഇരിക്കുന്ന ആളുകൾ എന്നതുകൊണ്ടും ഇക്കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(5) ചാലിയത്തെ റവന്യൂ, വനം വകുപ്പ് അധീനതയിലുള്ള സ്ഥലത്ത് ബേപ്പൂരിലെ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ബേപ്പൂർ തുറമുഖ വികസനം മലബാറിന്റെ ആകെ വികസനത്തിന്റെ ഭാഗമാണ്. , അതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചതായി വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതുമാണ്. എന്നാൽ കോസ്റ്റ് ഗാർഡ് സ്റ്റേഷന് വേണ്ടി തുറമുഖ വകുപ്പിന്റെ സ്ഥലം ഏറ്റെടുക്കാൻ ആലോചനയുള്ളതായി അറിയുന്നു. കോസ്റ്റ് ഗാർഡ് സ്റ്റേഷന് പറ്റിയ സ്ഥലം തുറമുഖത്തിന് എതിർവശം ചാലിയം ഭാഗത്ത് ലഭ്യമാണ്. പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിന്റെയും ഫോറസ്റ്റ് വകുപ്പിന്റെയും കൈവശമുള്ളതാണ്. അതുകൊണ്ട് തുറമുഖ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഇതിനുവേണ്ടി അനുവദിക്കരുത്, അതിന്റെ വികസനം മുടക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): കോസ്റ്റ് ഗാർഡ് സ്റ്റേഷനുവേണ്ടി ബേപ്പൂരിൽ സ്ഥലം നോക്കിയിട്ടുണ്ട്. പക്ഷേ പോർട്ടിന്റെ വികസനത്തിന് വേണ്ടി 2.5 ഏക്കർ സ്ഥലം ആവശ്യമാണെന്ന് പറഞ്ഞതുകൊണ്ട് ഈ കോസ്റ്റ് ഗാർഡ് സ്റ്റേഷന് വേണ്ടി വേറെ സ്ഥലം നോക്കുന്നുണ്ട്. ആ സ്ഥലം ഉടൻ കിട്ടുമെന്നാണ് വിശ്വാസം.

(6) എരുമേലിയിൽ വൈദ്യുതി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജോർജ് ജെ. മാത്യു : സർ, എരുമേലി 110 കെ.വി. സബ്സ്റ്റേഷനുള്ള സ്ഥലമെടുപ്പ് കരുവപ്പാലത്ത് തുടങ്ങിയിട്ട് 10 വർഷമായി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബോർഡിൽ നിന്ന് ആ സബ്സ്റ്റേഷന്റെ പണിയുടെ ഉത്ഘാടനത്തിനുവേണ്ടിയുള്ള നോട്ടീസ് വരെ അടിച്ചു. എന്നാൽ അവസാന നിമിഷം 80 വർഷം പഴക്കമുള്ള ഒരു പട്ടയ കടലാസ് ഇല്ല എന്ന വ്യാജേന അത് മാറ്റിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം ഈ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കാനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. മൂന്ന് വർഷമായിട്ടും യാതൊരു പുരോഗതിയുമില്ല. നേരത്തെ തീരുമാനിച്ച 35 ലക്ഷം രൂപ കൊടുക്കുകയാണെങ്കിൽ ഈ പ്രശ്നം തീരും. ശബരിമലയുമായി ബന്ധപ്പെട്ട് കിടക്കുന്ന എരുമേലിയിലെ വോൾട്ടേജ് ക്ഷാമം പരിഗണിച്ച് എത്രയും പെട്ടെന്ന് ഈ സ്ഥലമെടുത്ത് സബ്സ്റ്റേഷൻ പണിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly